**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ശ്രീ. സജി.കെ.ജി. സമർപ്പിച്ച ഒ.എ.യിന്മേലുള്ള വിധി നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

.==================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(ആർ.റ്റി.) നം. 3946/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 31.12.2015

==================================================================

**പരാമർശം :** 1) ശ്രീ. സജി. കെ.ജി. 03.06.2015 ന് സമർപ്പിച്ച അപേക്ഷ.
2) 03.08.2015-ലെ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) 521/15-ന്മേലിലെ വിധിന്യായം.
3) മുഖ്യനഗരാസൂത്രകന്റെ 24.11.2015-ലെ എ2-8259/15 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

നഗരഗ്രാമാസൂത്രണ വകുപ്പിന്റെ എറണാകുളം മേഖലാ കാര്യാലയത്തിലെ ഗ്രേഡ്1 ഡ്രൈവറായി ജോലി നോക്കുന്ന ശ്രീ. സജി. കെ.ജി. തന്റെ സ്വദേശമായ ഇടുക്കിയിലേക്ക് സ്ഥലം മാറ്റം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസിലെ പരാമർശം രണ്ട് പ്രകാരമുള്ള വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരനെയും എതിർകക്ഷികളെയും 28.10.2015, 26.11.2015 എന്നീ തീയതികളിൽ സർക്കാർ നേരിൽ കേട്ടു. ഇടുക്കി ടൗൺ പ്ലാനിംഗ് ഓഫീസിലെ നിലവിലെ ഡ്രൈവർ തസ്തിക vanishing തസ്തിക ആയതിനാൽ ശ്രീ. സജി.കെ.ജി.യെ അവിടേയ്ക്ക് ട്രാൻസ്ഫർ ചെയ്താൽ ടിയാൻ 30.04.2018 ൽ റിട്ടയർ ചെയ്യുന്നതോടു കൂടി ടി തസ്തിക ഇല്ലാതാകുന്ന സാഹചര്യം വരികയും ഇടുക്കി DRB ക്കാരനായ ശ്രീ. നവാസിന് സ്വന്തം ജില്ലയിൽ ജോലി ചെയ്യാനുള്ള അവസരം എന്നന്നേയ്ക്കുമായി നഷ്ടപ്പെടുകയും ചെയ്യും എന്നത് കണക്കിലെടുത്തും ശ്രീ. കെ.എസ്. നവാസിന്റെ ഇപ്പോഴത്തെ കുടുംബ സാഹചര്യത്തിൽ ഇടുക്കി ജില്ലയിൽ നിന്ന് മാറി നിൽക്കുന്നത് കുടുംബത്തെ സാരമായി ബാധിക്കും എന്നതിനാലും ഇടുക്കി ടൗൺ പ്ലാനിംഗ് ഓഫീസിലേയ്ക്ക് ട്രാൻസ്ഫറിനായി ശ്രീ. സജി.കെ.ജി. സമർപ്പിച്ച അപേക്ഷ നിരസിച്ച് കോടതി ഉത്തരവ് നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,**

**സോണിയ വാഷിംഗ്ടൺ,**
**അണ്ടർ സെക്രട്ടറി.**

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, O/o അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം.
ശ്രീ. സജി.കെ.ജി., ഡ്രൈവർ, നഗരഗ്രാമാസൂത്രണ വകുപ്പ് (മുഖ്യനഗരാസൂത്രകൻ മുഖേന)
ശ്രീ. നവാസ് കെ.എസ്., ഡ്രൈവർ, നഗരഗ്രാമാസൂത്രണ വകുപ്പ് (മുഖ്യനഗരാസൂത്രകൻ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**